# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട് രേഖ

## കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ 110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ

**കൊല്ലം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്**

**അർത്ഥനാധികാരി**

**ഡെപ്യൂട്ടി ചീഫ് എഞ്ചിനീർ**
**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്**
**(കെ.എസ്.ഇ.ബി) ലിമിറ്റഡ്,**
**ട്രാൻസ്മിഷൻ സർക്കിൾ,**
**വൈദ്യുതി ഭവനം, കൊട്ടാരക്കര**

**ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ**

**സ്പെഷ്യൽ തഹസിൽദാർ**
**എൽ.എ. നം. 2**
**കൊല്ലം**


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**

**രാജഗിരി ഔട്ട്റീച്ച്**
കളമശേരി, രാജഗിരി. പി.ഒ. പിൻ: 682 104
ഫോൺ: 0484 2911332, 2550785
outreach@rajagiri.edu
www.rajagirioutreach.org


**27 നവംബർ 2025**

## ഉള്ളടക്കം

**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും പൊതു ആവശ്യവും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ / സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം**

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെ ക്കുറിച്ചുമുള്ള അവലോകനം

3.5. തൽപ്പര കക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്ത്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.**

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

## അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.

## അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9 :സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യ പ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**പട്ടികകൾ**

1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.5.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

3.2.1. പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ

5.1.1. ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

7.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1. പദ്ധതിയും പൊതു ആവശ്യവും

റോഡുകൾ, റെയിലുകൾ, വൈദ്യുതി വിതരണ ശൃംഖല എന്നിവ ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം രാജ്യത്തിൻെറ അഭിവൃദ്ധിയിലേക്കുള്ള ഒരു ചുവട് വെയ്പ്പായി കണക്കാക്കാം. ഇന്ത്യയുടെ ദേശീയ നയവും, 2003 ലെ ഇലക്ട്രിസിറ്റി നിയമവുമെല്ലാം ശക്തവും ഫലപ്രദവുമായ ഒരു പവർ സിസ്റ്റം വികസിപ്പിച്ചെടുക്കുന്നതിന് വേണ്ട ഏകീകരിച്ചതും സംയോജിതവുമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതിൻെറ ആവശ്യകതക്ക് ഊന്നൽ നൽകുന്നു. രാജ്യത്തെ ട്രാൻസ്മിഷൻ സിസ്റ്റം, വൈദ്യുതി ശൃംഖലയിലെ ഏത് പ്രദേശത്തേയും, ഏത് അടിയന്തിര ഘട്ടത്തിലേയും ആവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രാപ്തമായിരിക്കണം. നിലവിലെ ട്രാൻസ്മിഷൻ സിസ്റ്റം, രാജ്യത്തെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഒരു പരിധി വരെ പ്രാപ്തമാണെങ്കിലും, ചില പീക്ക് സമയങ്ങളിലൊ, അടിയന്തിര ഘട്ടങ്ങളിലൊ പലപ്പോഴും ബുദ്ധിമുട്ടുകൾ നേരിടാറുണ്ട്.

കേരളം വൈദ്യുതി ക്ഷാമം നേരിടുന്ന ഒരു സംസ്ഥാനമാണ്. സംസ്ഥാനത്ത് വൈദ്യുതി ആവശ്യകത ദിനംപ്രതി വർദ്ധിച്ച് വരികയാണ്. സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ കാസർകോഡ് ജില്ലയിൽ വരാനിരിക്കുന്ന സോളാർ പവർ പാർക്കുകൾ, കൂടാതെ, ചില സ്വകാര്യ സംഭകർ പ്രൊപ്പോസ് ചെയ്തിട്ടുള്ള സോളാർ പവർ പ്ലാൻറുകൾ എന്നിവ സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന വൈദ്യുതി ക്ഷാമത്തിന് ഒരാശ്വാസമാകുമെന്ന് പ്രതിക്ഷിക്കുന്നു. നിലവിലുള്ള ഇൻട്രാ സ്റ്റേറ്റ് ട്രാൻസ്മിഷൻ സിസ്റ്റത്തിൻെറ പരിമിതികൾ ലഘൂകരിക്കുന്നതിനും ഭാവി ആവശ്യതകൾ നിറവേറ്റുന്നതിനുമായി സിസ്റ്റത്തിൻെറ കപ്പാസിറ്റി വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിൻെറ ഭാഗമായി തേവലക്കരയിലും മൈനാഗപ്പള്ളിയിലും ഉൾപ്പെടുന്ന ഇലക്ട്രിക്കൽ സെക്ഷനുകളിലെ ലോ വോൾട്ടേജ് പ്രശ്നങ്ങളും പതിവായുള്ള വൈദ്യുതി മുടക്കങ്ങളും പരിഹരിക്കുന്നതിനായി തേവലക്കരയിൽ 110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു

തേവലക്കര സബ് സ്റ്റേഷൻ നിർമ്മാണത്തിനു വേണ്ടി കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ നിന്നും ഏകദേശം 36.71 ആർ ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ടി പദ്ധതി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(1) b പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

### 1.2. പദ്ധതി പ്രദേശം

പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ നിന്നുള്ള പ്രദേശങ്ങളാണ്. കൂടാതെ, ടി സ്ഥലങ്ങൾ തേവലക്കര പഞ്ചായത്തിൽ 3-ാം വാർഡിൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണ്

### 1.3. ഭൂമി ഏറ്റെടുക്കുന്നതിന്റെ വ്യാപ്തിയും സ്വഭാവവും

2025 ഒക്ടോബർ 28 തീയതിയിലെ 3786-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ കൊല്ലം ജില്ലാ കളക്ടറുടെ 2025 ഒക്ടോബർ 27-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCKLM/1736/2025-LA10 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, അതായത് തേവലക്കര സബ് സ്റ്റേഷൻ നിർമ്മാണത്തിനു വേണ്ടി കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ നിന്നും ഏകദേശം 36.71 ആർ ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.3.1. ൽ പ്രതിപാദിക്കുന്നു.

**പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

ജില്ല : **കൊല്ലം** താലൂക്ക്: **കരുനാഗപ്പള്ളി**

വില്ലേജ്: **തേവലക്കര**

| ക്രമ നമ്പർ | സർവ്വെ നമ്പർ | ഭൂമിയുടെ തരം | വിസ്തീർണ്ണം (ആർ) |
|---|---|---|---|
| 1 | 173/1 | പുരയിടം | 6.30 |
| 2 | 173/1-2 | പുരയിടം | 6.30 |
| 3 | 173/2 | നിലം | 1.05 |
| 4 | 173/3 | നിലം | 6.40 |
| 5 | 173/4-2 | നിലം | 1.62 |
| 6 | 173/4-2-2 | നിലം | 0.81 |

| | | | |
|---|---|---|---|
| 7 | 173/4-3 | നിലം | 2.43 |
| 8 | 173/14 | നിലം | 11.80 |
| **ആകെ** | | | **36.71 (ആർ)** |

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പദ്ധതിക്ക് മറ്റ് മാർഗ്ഗങ്ങൾ പരിഗണിച്ചതായി വിവരങ്ങൾ ലഭിച്ചിട്ടില്ല.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി തേവലക്കര വില്ലേജിൽ നിന്നും ഏകദേശം 36.71 ആർ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും കുടുംബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു. പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി പഠന സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും ഭൂവുടമകളെ നേരിട്ടും ടെലിഫോൺ മുഖാന്തിരവും ബന്ധപ്പെട്ട് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. തേവലക്കര വില്ലേജിലെ 4 ഭൂവുടമകളിൽ നിന്നാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം ഇത്തരത്തിൽ വിവരശേഖരണം നടത്തിയത്.

ഭൂമിയുടെ അളവ് കുറയുക/പൂർണ്ണമായി നഷ്ടപ്പെടുക, വീട് നഷ്ടപ്പെടുക, കുടിയൊഴിക്കപ്പെടുക, കൃഷി/മരങ്ങൾ നഷ്ടപ്പെടുക, നഷ്ടപ്പെടുക എന്നിവയാണ് പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യ പ്രത്യാഘാതങ്ങൾ. പഠനത്തിൽ പങ്കെടുത്തവർ നൽകിയ വിവരമനുസരിച്ച് ഓരോ ഭൂവുടമക്കും നേരിടേണ്ടി വരുന്ന പ്രത്യാഘാതങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു.

***പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ***

| ക്രമ നമ്പർ | പ്രത്യാഘാതങ്ങൾ | ആഘാതബാധിതമാകുന്ന കുടുംബങ്ങളുടെ എണ്ണം | വിശദീകരണം |
|---|---|---|---|
| **ഭൂമി പദ്ധതിബാധിതമാകൽ** | | | |
| 1 | കൈവശഭൂമി അളവ് കുറയൽ/ നഷ്ടമാകൽ | 4 ഭൂവുടമകൾ | • അളവ് കുറയുകയോ, പൂർണ്ണമായി നഷ്ടപ്പെടുകയോ ചെയ്യും. |
| **വീടും അനുബന്ധ സൗകര്യങ്ങൾ / നിർമ്മിതികൾ പദ്ധതി ബാധിതമാകൽ** | | | |
| 2 | വീട് | 1 ഭൂവുടമ | ഒരു വീട് പൂർണ്ണമായി നഷ്ടമാകും. |
| 3 | അവശ്യ സൗകര്യങ്ങൾ | 1 ഭൂവുടമകൾ | ഒരു ഭൂവുടമയുടെ കിണർ, ബാധിക്കപ്പെടുന്നു. |
| 4 | മറ്റ് നിർമ്മിതികൾ | ഭൂവുടമകൾ | ചുറ്റുമതിൽ (1) |
| 5 | കുടിയൊഴിപ്പിക്കപ്പെടൽ | 1 | 1 കുടുംബം കുടിയൊഴിപ്പിക്കപ്പെടുന്നു |
| **കൃഷി /ഫല വൃക്ഷങ്ങൾ / മരങ്ങൾ നഷ്ടമാകൽ** | | | |
| 6 | കൃഷി /ഫല വൃക്ഷങ്ങൾ / മരങ്ങൾ നഷ്ടമാകൽ | 4 ഭൂവുടമകൾ | തെങ്ങ്, പ്ലാവ്, തേക്ക്, മാവ്, കവുങ്ങ് |
| **മറ്റ് പ്രത്യാഘാതങ്ങൾ** | | | |
| 7 | ആരോഗ്യ പ്രശ്നങ്ങൾ/അപകട സാധ്യതകൾ | | നിർമ്മാണ ഘട്ടത്തിൽ പൊടിശല്യം, ശബ്ദ മലിനീകരണം എന്നിവയ്ക്കുള്ള സാധ്യതകൾ |
| 8 | പരിസര മലിനീകരണം | | നിർമ്മാണ മാലിന്യങ്ങൾ മൂലം |

### 1.6. ലഘൂകരണ നടപടികൾ

ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015

തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD & 29/12/2017 തീയതിയിലെ G.O(Ms)No.448/2017/ RD ) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1. ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷ്ടമാകൽ/ അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | വീടുകൾ പദ്ധതിബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും |
| 3 | അവശ്യ സൗകര്യങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും |
| 4 | മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 5 | ഉപയോഗയോഗ്യമല്ലാത്ത അവശേഷിക്കുന്ന സ്ഥലം | നിജസ്ഥിതി പരിശോധിച്ച് ഏറ്റെടുക്കലിന് പരിഗണിക്കുക |
| 6 | പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം |
| 7 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശ്നങ്ങൾ/ അപകട സാധ്യതകൾ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിട യുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ട ത്തിനു മുൻപേതന്നെ ആസൂത്രണം |

| | | |
|---|---|---|
| | | ചെയ്യണം.നിർമ്മാണ ഘട്ടത്തിൽ തൊഴിലാളി കളുടെയും പ്രദേശ വാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തു ന്നതിന് മതിയായ മുൻകരുതലുകൾ സ്വീകരി ക്കണം |
| **8** | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസര മലിനീകരണം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |
| **9** | വൃക്ഷങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം ലഭ്യമാക്കുക. പദ്ധതിക്ക് വേണ്ടി വെട്ടി മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. |

# അദ്ധ്യായം 2

## പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

കൊല്ലം ജില്ലയിൽ തേവലക്കര വില്ലേജിൽ 110 കെ.വി സബ് സ്റ്റേഷൻ നിർമ്മാണ പദ്ധതിയുടെ നിർവ്വാഹകരായി സർക്കാർ നിശ്ചയിച്ചിരിക്കുന്നത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീർ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) ലിമിറ്റഡ്, ട്രാൻസ്മിഷൻ സർക്കിൾ, വൈദ്യുതി ഭവനം, കൊട്ടാരക്കര കാര്യാലയത്തെയാണ്. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. നം.2 കൊല്ലം ആയിരിക്കും.

### 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

റോഡുകൾ, പാലങ്ങൾ, വൈദ്യുതി നിലയങ്ങൾ, സബ് സ്റ്റേഷനുകൾ തുടങ്ങിയ നിർമ്മിച്ച് വാണിജ്യ ആവശ്യങ്ങൾ, കൃഷി, യാത്രാസൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(1)(b) യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

### 2.3. പദ്ധതിയുടെ സ്ഥലം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഫോറം നമ്പർ 2 ൽ അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാപത്രം അനുസരിച്ച് പദ്ധതിക്ക് വേണ്ടി കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ നിന്നും ഏകദേശം 36.71 ആർ ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.

നിലവിലെ ഡിസൈൻ പ്രകാരം 110കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നത് 4 സ്വകാര്യ വ്യക്തികളുടെ ഭൂമിയിലാണ്. നിലവിൽ കേരളം വൈദ്യുതി ക്ഷാമം നേരിടുന്ന ഒരു സംസ്ഥാനമാണ്. സംസ്ഥാനത്ത് വൈദ്യുതി ആവശ്യകത ദിനം പ്രതി വർദ്ധിച്ച് വരികയാണ്. കൂടാതെ, വൈദ്യുതി പ്രസരണത്തിൽ ഓവർ ലോഡ് മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കൂടുതലാണ്. ഈ പ്രശ്നങ്ങൾക്ക് കഴിയുന്നത്ര പരിഹാരം കാണുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി ലക്ഷ്യം വക്കുന്നത്.

നിലവിലെ സാഹചര്യത്തിൽ 110 കെ.വി സബ്സ്റ്റേഷനായ ചവറയിൽ നിന്നും ശാസ്താംകോട്ടയിൽ നിന്നും തേവലക്കര മൈനാഗപ്പള്ളി ഇലക്ട്രിക്കൽ സെക്ഷൻ പ്രദേശങ്ങളിലേക്ക് പോകുന്ന 11 കെ.വി ഫീഡറുകൾ നീളം കൂടുതലും അവയിലെ ലോഡ് അധികവുമാണ്.. നിർദ്ധിഷ്ട പ്രദേശത്ത് 110 കെ.വി സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുമ്പോൾ 11 കെ.വി ഫീഡറുകളുടെ ലോഡും ലെങ്തും കുറക്കുവാനും, തേവലക്കരയിലും, മൈനാഗപ്പള്ളിയിലും പരിസര പ്രദേശങ്ങളിലുമുള്ള വോൾട്ടേജ് മെച്ചപ്പെടുത്താനും നിരന്തരമുള്ള വൈദ്യുതി മുടക്കം ഗണ്യമായി കുറയ്ക്കാനും സാധിക്കും എന്നതാണ് നിർദ്ധിഷ്ട പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്

തേവലക്കര സബ്സ്റ്റേഷൻ നിർമ്മാണ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത് 31 കോടി രൂപയാണ്.

**2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ**

പ്രത്യാഘാതങ്ങൾ കുറവ് വരത്തക്കവിധത്തിൽ ഏറ്റവും അനുയോജ്യമായ രീതിയിലാണ് നിലവിലെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. പദ്ധതിക്ക് മറ്റ് മാർഗ്ഗങ്ങൾ പരിഗണിച്ചതായി വിവരങ്ങൾ ലഭിച്ചിട്ടില്ല.

**2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ**

പദ്ധതി ഒറ്റ ഘട്ടത്തിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. രണ്ട് വർഷത്തിൽ പൂർത്തീകരിക്കുന്നതിനാണ് പദ്ധതി പ്ലാൻ ചെയ്യുന്നത്.

**2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ**

നിലവിലുള്ള 66 കെ.വി ശാസ്താംകോട്ട- ചവറ ഫീഡറിനു സമീപം തേവലക്കരയിൽ രണ്ട് 12.5 എം.വി.എ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുകൊണ്ട് 110 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതാണ് നിലവിലെ പദ്ധതി.

നവീകരിച്ച 66കെ.വി ശാസ്താംകോട്ട- ചവറ ഡബിൾ സർക്യൂട്ട് ഫീഡറുകളിൽ ഒന്നിൽ നിന്ന് ലൈൻ ഇൻ ലൈൻ ഔട്ട് ക്രമീകരണം വഴി തേവലക്കര സബ്സ്റ്റേഷനിലേക്കുള്ള ഫീഡിംഗ് നടത്താനാണ് ഉദ്ദേശിക്കുന്നത്. എ.എൽ 59 എ.എ.എ.സി കണ്ടക്ടർ ഉപയോഗിച്ച് ഡബിൾ സർക്യൂട്ട് ലൈനിൻെറ മൊത്തം നീളവും നവീകരിക്കുകയും ഇതോടോപ്പം ശാസ്താംക്കോട്ട, ചവറ സബ്സ്റ്റേഷനുകളിൽ ആവശ്യമായ കണക്ഷൻ ക്രമീകരണങ്ങളും ഉൾപ്പെടുന്നു. തേവലക്കരക്ക് സമീപമുള്ള ക്രോസിംഗ് പോയിൻറിൽ, 110 കെ.വി കെ.ഡി.സി.എച്ച്/എസ്.ടി.കെ.എം ഫീഡർ നവീകരിച്ച ഡബിൾ സർക്യൂട്ട് ലൈനുമായി കൂടിച്ചേർന്നിടത്ത് ഒരു 220 കെ.വി മൾട്ടി-സർക്ക്യൂട്ട് ടവർ സ്ഥാപിക്കാൻ പദ്ധതിയിടുന്നു.

### 2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതി നിർമ്മാണ ഘട്ടത്തിൽ പദ്ധതിപ്രദേശത്തുള്ള വസ്തുവകകളിലേക്ക് മതിയായ പ്രവേശനം തടസ്സപ്പെടാത്ത രീതിയിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

### 2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കെ.എസ്.ഇ.ബി ലിമിറ്റഡ് കരാറുകാരനെ നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

### 2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാതവിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിയുമായി ബന്ധപ്പെട്ട് സാധ്യതാ പഠനങ്ങൾ നടന്നിട്ടുണ്ട്. രാജഗിരി ഔട്ട്റീച്ച് കളമശേരി നടത്തികൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയാണ് ഇത്.

### 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ 110 കെ.വി സബ് സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള

നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
- ❖ കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ–റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിൻെറ നയം.
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(MS) No.448/ 2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിൻെറ നയം.
- ❖ വിവരവകാശ നിയമം 2005

# അദ്ധ്യായം 3

## പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

തേവലക്കര സബ് സ്റ്റേഷൻ നിർമ്മാണത്തിനു വേണ്ടി കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ നിന്നും ഏകദേശം 36.71 ആർ ഭൂമി ഭൂമി, ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും, രാജഗിരി ഔട്ട്റീച്ച് കളമശ്ശേരിയെ ചുമതലപ്പെടുത്തിക്കൊണ്ട് 2025 ഒക്ടോബർ 28 തീയതിയിലെ 3786-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ കൊല്ലം ജില്ലാ കളക്ടറുടെ 2025 ഒക്ടോബർ 27-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCKLM/1736/2025-LA10 പ്രകാരം ഉത്തരവായിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ പഠന സംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ അദ്ധ്യക്ഷയായ രാജഗിരി ഔട്ട്റീച്ച് പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവസമ്പത്തുള്ള 9 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി കരട് രേഖ തയ്യാറാക്കിയത്.

പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പര് | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | മീനകുരുവിള | എം.എസ്.ഡബ്ല്യു. ചെയർപേഴ്സൺ (SIA unit) | വികസനമേഖലയിൽ 35 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ.ഫാ.സാജു എം.ഡി | എം.ഫിൽ, പി.എച്ച്.ഡി പ്രിൻസിപ്പാൾ & കൺസൾട്ടൻറ് (SIA unit) | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ. ബിനോയ് ജോസഫ് | എം.എ. (എച്ച്.ആർ.എം), പി.എച്ച്.ഡി.,എൽ.എൽ.ബി. കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 4 | ഡോ.ഫാ. ഷിന്റോ ജോസഫ് | എ.എസ്.ഡബ്ല്യു., പി.എച്ച്.ഡി, കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ്ഓഫീസർ, എസ്.ഐ.എ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തനപരിചയം |
| 6 | അഭിജിത് ലാൽ | എം.എസ്.ഡബ്ല്യു റിസേർച്ച് അസ്സോസിയേറ്റ് | 9 വർഷത്തെ പ്രവർത്തനപരിചയം |
| 7 | എലിസബത്ത് പെനെലോപ്പ് ലോബോ | എം.ബി.എ. റിസേർച്ച് അസ്സോസിയേറ്റ് | 36 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ഫിലോമിന കെ.എ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 32 വർഷത്തെ പ്രവർത്തന പരിചയം |
| 9 | ഇന്ദിര വി. വി. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 34 വർഷത്തെ പ്രവർത്തന പരിചയം |

**3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിന്റെ യുക്തിയും.**

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ

പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 03.11.2025 തീയതിയിൽ പദ്ധതി പ്രദേശം സന്ദർശിക്കുകയും, പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിന്റെ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിന്റെ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. തുടർന്ന് പദ്ധതി ബാധിതരാകുന്ന ഭൂവുടമകളുടെ ഭവന സന്ദർശനം നടത്തി ടി ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) ലിമിറ്റഡ്, ട്രാൻസ്മിഷൻ സർക്കിൾ, വൈദ്യുതി ഭവനം, കൊട്ടാരക്കര കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ എൽ.എ. നം.2 കൊല്ലം കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട

നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും അഭിമുഖത്തിലൂടെയും ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ പദ്ധതി ബാധിത കുടുംബങ്ങൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിക്കുന്ന പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്യും. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ ഉന്നയിക്കുന്ന അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന മറുപടിയും കൂടി ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമരേഖ തയ്യാറാക്കുന്നത്.

**പട്ടിക 3.2.1. പഠനത്തിന്റെ വിവിധ ഘട്ടങ്ങൾ**

| തീയതി | ഘട്ടങ്ങൾ |
|---|---|
| **28.10.2024** | പഠനം നടത്തുന്നതിന് കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിനെ വിജ്ഞാപനം കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചു. |
| **03.11.2025** | പദ്ധതി പ്രദേശത്ത് സംയുക്ത സന്ദർശനം, ചോദ്യാവലി പരിശോധന & പദ്ധതി ബാധിത കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തിക സർവെ |
| **05.11.2025** | ടെലഫോൺ മുഖാന്തിരം പദ്ധതി ബാധിത കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തിക സർവെ |
| **10.11.2025** | പ്രാഥമിക & ദ്വിതീയ വിവരങ്ങൾ വിശകലനം ചെയ്യൽ |
| **26.11.2025** | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം - കരട് റിപ്പോർട്ട് തയ്യാറാക്കൽ |
| **16.12.205** | പബ്ലിക് ഹിയറിങ്ങ് |

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാ

കുന്നത്. ആയതിനാൽ പഠന സംഘം പദ്ധതി പ്രദേശം മുഴുവനായും സന്ദർശിക്കുകയും പദ്ധതി ബാധിതരാകുന്ന 4 ഭൂവുടമകളെ കണ്ടെത്തുകയും, അവരിൽ നിന്ന് സാമൂഹ്യ–സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു.

### 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെയും കുറിച്ചുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാഥമിക വും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. കൂടാതെ, പബ്ലിക് ഹിയറിങ്ങിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ പിന്നീട് ഇതോടൊപ്പം കൂട്ടിച്ചേർക്കുന്നതാണ്.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. അർത്ഥ നാധികാരിയായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) ലിമിറ്റഡ്, ട്രാൻസ്മിഷൻ സർക്കിൾ, വൈദ്യുതി ഭവനം, കൊട്ടാരക്കര കാര്യാലയത്തിൽ നിന്നും സ്പെഷ്യൽ തഹസിൽദാർ, എൽ.എ. നം.2 കൊല്ലം കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ നിയമവും അതിൻെറ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

**പട്ടിക 3.4.1.: പഠനത്തിനുപയോഗിച്ച വിവരങ്ങൾ, വിവര സ്രോതസുകൾ.**

| തരം | വിവരങ്ങൾ | സ്രോതസ്സ് |
|---|---|---|
| **പ്രാഥമിക വിവരങ്ങൾ** | പദ്ധതി പ്രത്യാഘാതങ്ങൾ, പ്രദേശത്തിൻെറ പ്രത്യേകതകൾ, ഭൂമിയുടെ നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ | • പദ്ധതിബാധിത പ്രദേശം സന്ദർശനവും നിരീക്ഷണവും<br>• പദ്ധതിബാധിതരാകുന്ന ഭൂവുടമകളും അല്ലാത്തവരുമായ കുടുംബങ്ങളിൽ നിന്ന് സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം.<br>• പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം |
| **ദ്വിതീയ വിവരങ്ങൾ** | പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങൾ<br>ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങൾ | • കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) ലിമിറ്റഡ്, ട്രാൻസ്മിഷൻ സർക്കിൾ, വൈദ്യുതി ഭവനം, കൊട്ടാരക്കര<br>• സ്പെഷ്യൽ തഹസിൽദാർ, എൽ.എ. നം.2 കൊല്ലം |

## 3.5. തത്പര കക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

*പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം:*

- ❖ അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- ❖ പദ്ധതി പ്രദേശത്ത് സന്ദർശനം
- ❖ പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വെ
- ❖ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും
- ❖ പബ്ലിക് ഹിയറിംഗ്

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

### 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ 110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതാണ് നിലവിലെ പദ്ധതി. തേവലക്കര പഞ്ചായത്തിൽ 3-ാം വാർഡിൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണ് ഉൾപ്പെട്ട സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കുന്നത്. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താല്ലൂക്കിലെ ഒരു പ്രധാന ഗ്രാമമാണ് തേവലക്കര. അഷ്ടമുടിക്കായലിൻെറ തീരത്ത് സ്ഥിതി ചെയ്യുന്ന തേവലക്കര തെങ്ങിൻത്തോപ്പുകളാലും നെൽപാടങ്ങളാലും നിറഞ്ഞു നിക്കുന്ന പ്രകൃതി രമണീയമായ ഭൂപ്രദേശമാണ്. പണ്ട് ദേവലോകക്കര എന്ന് അറിയപ്പെട്ടിരുന്ന ഇവിടം കാർഷികവൃത്തി അടിസ്ഥാനാമാക്കി നിലനിന്നിരുന്ന പ്രദേശമായിരുന്നു. കാർഷിക മേഖലക്ക് ഒപ്പം തന്നെ കയർ വ്യവസായത്തിനും പേരുകേട്ട സ്ഥലമായിരുന്നു തേവലക്കര. ഏകദേശം 15.71 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള, 45000 മുകളിൽ തേവലക്കര പഞ്ചായത്ത് ചവറ ബ്ലോക്കിലെ തന്നെ വലിയ പഞ്ചായത്തുകളിൽ ഒന്നാണ്. പടിഞ്ഞാറ് ഭാഗത്ത് പന്മന, ചവറ പഞ്ചായത്തുകളും, തെക്കുഭാഗത്ത് പൂർണ്ണമായും അഷ്ടമുടിക്കായലും, കിഴക്ക് പടിഞ്ഞാറേക്കല്ലട, മൈനാഗപ്പള്ളി പഞ്ചായത്തുകളും, വടക്ക് തൊടിയൂർ പഞ്ചായത്തുമായാണ് തേവലക്കര അതിർത്തി പങ്കിടുന്നത്.

### 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം
*(ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)*

പദ്ധതി നിലവിൽ വരുമ്പോൾ പദ്ധതിക്ക് വേണ്ടി കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ നിന്നും ഏകദേശം 36.71 ആർ ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം

മനസിലാക്കുന്നു. വീട് നഷ്ടമാകുക, സ്ഥലം, മരങ്ങൾ, എന്നിവയാണ് പദ്ധതി ബാധിത കുടുംബങ്ങൾക്ക് പ്രധാനമായും ബാധിക്കപ്പെടുന്നത്. പദ്ധതി മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ അദ്ധ്യായം 1 ൽ 1.5 ൽ വിശദമായി നൽകിയിട്ടുണ്ട്.

**4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

പദ്ധതിയുടെ അർത്ഥനാധികാരിയായ ഡെപ്യൂട്ടി ചീഫ് എഞ്ചിനീർ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) ലിമിറ്റഡ്, ട്രാൻസ്മിഷൻ സർക്കിൾ, വൈദ്യുതി ഭവനം, കൊട്ടാരക്കര സമർപ്പിച്ച അർത്ഥനാപത്രത്തിൽ 36.71 ആർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതായി പറയുന്നത്. പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിൻെറ വെളിച്ചത്തിൽ പഠന സംഘം വിലയിരുത്തുന്നു.

**4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

ഏറ്റെടുക്കുന്ന ഭൂമിക്ക് സമീപത്തായി മറ്റൊരു സ്ഥലവും പൊതുവിനിയോഗത്തിലുള്ള തായി ബോധ്യപ്പെട്ടിട്ടില്ല.

**4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം**

പദ്ധതിക്ക് വേണ്ടി നേരത്തേ ഭൂമി വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

ഭൂസ്ഥിതി പ്രകാരം കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ നിന്നും ഏറ്റെടുക്കുന്ന ഏകദേശം 36.71 ആർ ഭൂമി പുരയിടം, നിലം നികത്ത് പുരയിടം വിഭാഗത്തിൽ ഉൾപ്പെടുന്നു. കൂടാതെ, പദ്ധതി പ്രദേശങ്ങൾ തേവലക്കര പഞ്ചായത്തിൽ 3-ാം വാർഡിൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണ്. ഏറ്റെടുക്കുന്ന സ്ഥലം ഏറെക്കുറെ അടിസ്ഥാന സൗകര്യങ്ങളുടെയെല്ലാം പ്രാപ്യതയുള്ളതാണ്. കൃഷിയാണ് ഇവിടത്തെ പ്രധാന തൊഴിൽ മേഖല, ദിവസ വേതന ജോലികൾ ചെയ്യുന്നവരും, ഗവൺമെൻറ് ജോലിക്കാരും പ്രദേശത്തുണ്ട്. മാവ്, പ്ലാവ്, തെങ്ങ് തുടങ്ങിയ ഫല

വൃക്ഷങ്ങളും ഇവിടെ ധാരാളമുണ്ട്. കിണർ, കുഴൽ കിണർ, കുളം തുടങ്ങിയവയിൽ നിന്നുള്ള വെള്ളം ഉപയോഗിച്ചാണ് പ്രധാനമായും കൃഷിക്ക് ജലസേചനം നടത്തുന്നത്.

### 4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വെ നമ്പറുകളുടെ 4 ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തി സർവ്വെ ചെയ്തത്. ടി ഉടമകളിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച്, പദ്ധതിബാധിത ഭൂമിയുടെ തരം, പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പദ്ധതിബാധിത ഭൂമിയുടെ തരം**

സർവ്വെയിൽ പങ്കെടുത്ത് ഇതുമായി ബന്ധപ്പെട്ട് വിവരം നൽകിയ ഭൂവുടമകൾ എല്ലാം തന്നെ തങ്ങളുടെ സ്ഥലം പുരയിടം, നിലം നികത്ത് പുരയിടം വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന് അറിയിച്ചു.

**പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**

പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, 3 ഉടമകൾ താമസത്തിനായും ഒരു ഉടമയുടെ സ്ഥലം തരിശ്ശായും കിടക്കുന്നു. തെങ്ങ്, കവുങ്ങ്, വാഴ, മാവ്, പ്ലാവ്, തുടങ്ങിയവയാണ് പ്രധാന വിളകൾ. പ്രദേശത്തെ കിണർ, കുഴൽ കിണർ, കുളം തുടങ്ങിയവയിൽ നിന്നുള്ള വെള്ളമാണ് ജലസേചനത്തിനായി പ്രധാനമായും ആശ്രയിക്കുന്നത്.

### 4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയ 4 ഉടമകളുടേതും വ്യക്തിഗത ഉടമസ്ഥതയിലുള്ള സ്ഥലമാണ്. നിർദ്ദിഷ്ട സ്ഥലങ്ങൾ ഉടമകൾക്ക് കൈവശമായ രീതി പരിശോധിക്കുമ്പോൾ, മൂന്ന് ഭൂവുടമകൾക്ക് ഇത് പാരമ്പര്യമായി ലഭിച്ചതാണ്. ഒരു ഭൂവുടമ മറ്റൊരാളിൽ നിന്ന് വാങ്ങിയതാണ്. മൂന്ന് ഉടമകൾ പദ്ധതി പ്രദേശത്ത് താമസിക്കുകയും ഒരു ഭൂവുടമ ബിസിനസ്സ്

ആവശ്യങ്ങൾക്ക് ഉപയൊഗിച്ചിരുന്നതും നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്നതുമാണ്.

ഇതിൽ ഒരു വീട് പൂർണ്ണമായും നഷ്ടമാകുകയും കുടുംബം കുടിയൊഴിക്കപ്പെടുകയും ചെയ്യും പദ്ധതിബാധിതമാകുന്ന വീടിൻെറ വിവരങ്ങൾ പട്ടിക 4.8.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.8.1 പദ്ധതിബാധിതമാകുന്ന വീടുകൾ**

| ക്രമ നമ്പർ | ഉടമയുടെ പേര് | ആഘാതം | വിവരണം |
|---|---|---|---|
| 1 | സരസ്വതി ആലയിൽതെക്കേതിൽ 9745086081 | പൂർണ്ണമായും | കുടുംബം താമസിക്കുന്നു |

**ഉടമകൾക്ക് പദ്ധതി പ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ്**

പദ്ധതിബാധിതരാകുന്ന ഭൂവുടമകൾക്ക് പദ്ധതിപ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ് 2 സെൻറിനും 30 സെൻറിനും ഇടയിൽ മാത്രമാണ്

**4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

പദ്ധതി ബാതിധരായ ഭൂവുടമകൾക്കിടയിൽ കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല.

# അദ്ധ്യായം – 5

## ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

നിലവിലുള്ള ഇൻട്രാ സ്റ്റേറ്റ് ട്രാൻസ്മിഷൻ സിസ്റ്റത്തിന്റെ പരിമിതികൾ ലഘൂകരിക്കുന്നതിനും ഭാവി ആവശ്യതകൾ നിറവേറ്റുന്നതിനുമായി സിസ്റ്റത്തിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി തേവലക്കരയിലും മൈനാഗപ്പള്ളിയിലും ഉൾപ്പെടുന്ന ഇലക്ട്രിക്കൽ സെക്ഷനുകളിലെ ലോ വോൾട്ടേജ് പ്രശ്നങ്ങളും പതിവായുള്ള വൈദ്യുതി മുടക്കങ്ങളും പരിഹരിക്കുന്നതിനായി തേവലക്കരയിൽ 110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. തേവലക്കര സബ് സ്റ്റേഷൻ നിർമ്മാണത്തിനു വേണ്ടി കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ നിന്നും ഏകദേശം 36.71 ആർ ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന്റെ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും വഴിക്കോ മറ്റേതെങ്കിലും അടിസ്ഥാനസൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്.

#### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

*(ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന്റെ ഉടമകൾ)*

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി തേവലക്കര വില്ലേജിൽ നിന്നും ഏകദേശം 36.71 ആർ ഭൂമി ഏറ്റെടുക്കുമ്പോൾ പ്രസ്തുത സ്ഥലങ്ങളുടെ 4 ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയത്. പ്രസ്തുത ഉടമകളുടെ പേരും

ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ**

| ക്രമ നമ്പർ | ഉടമയുടെ പേരും അഡ്രസ്സും | സർവ്വെ നമ്പർ | പ്രത്യാഘാതം |
|---|---|---|---|
| 1 | സരസ്വതി<br>ആലയിൽതെക്കേതിൽ<br>നടുവിലെക്കരമുറി<br>തേവലക്കര<br>9745086081 | 173/4-2 | ▪ വീട് പൂർണ്ണമായും നഷ്ടമാകും.<br>▪ കിണർ നഷ്ടമാകും |
| 2 | രാജു<br>ആലയിൽതെക്കേതിൽ<br>നടുവിലെക്കരമുറി<br>തേവലക്കര<br>9745086081 | | ▪ ശൗചാലയം<br>▪ ഷീറ്റിട്ട ഷെഡ്<br>▪ തെങ്ങ് 1<br>▪ മാവ് 1<br>▪ പാഴ്മരം 1 |
| 3 | ബേബി<br>വരങ്ങാട്ടുതറ,<br>കരുനാഗപ്പള്ളി<br>9745086081 | 173/4-2 | ▪ മാവ് 1<br>▪ കവുങ്ങ് 4 |
| 4 | മൻ മോഹൻ സിംങ് ജെയിൻ,<br>രാഹുൽ ജെയിൻ<br>(പവൻ കെമിക്കൽസ്<br>സൺ കെമിക്കൽസ്<br>മൂൺ കെമിക്കൽസ്)<br>9443316316 | 173/1-2<br>173/1<br>173/3 | ▪ തേക്ക് 3<br>▪ തെങ്ങ് 5<br>▪ ആഞ്ഞിലി 1<br>▪ പാഴ്മരങ്ങൾ 6<br>▪ ഉപയോഗശൂന്യമായ 4 കെട്ടിടങ്ങൾ<br>▪ ചുറ്റുമതിൽ |

### 5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

വനാവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

**5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

കുടുംബങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.4 കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

പദ്ധതി ബാധിതരിൽ മൂന്ന് കുടുംബങ്ങൾ പ്രദേശത്ത് താമസിക്കുന്നു. ഇതിൽ ഒരു വീട് പൂർണ്ണമായും നഷ്ടമാകും,

**5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

മൂന്ന് വർഷത്തിലധികമായി ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധികൾ ഒന്നും തന്നെയില്ല.

**5.6.1. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

വാഴ, പ്ലാവ്, മാവ്, കവുങ്ങ്, തെങ്ങ്, തേക്ക്, തുടങ്ങിയ ഫലവൃക്ഷങ്ങൾ ഉൾപ്പടെയുള്ള വിവിധ വിളകൾ പദ്ധതി ബാധിതമാകുന്നുണ്ട്.

# അദ്ധ്യായം 6

## സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തി യിരിക്കുന്നത്.

### 6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ തേവലക്കര പഞ്ചായത്തിൽ 3-ാം വാർഡിൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണ്. പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ പരിശോധിക്കുമ്പോൾ, 2011 സെൻസസ് പ്രകാരം തേവലക്കര പഞ്ചായത്തിൽ 42,977 അംഗങ്ങളാണ് ഉള്ളത്. ഇതിൽ 47.2 ശതമാനം പുരുഷന്മാരും 52.8 ശതമാനം സ്ത്രീകളുമാണ്. പട്ടിക ജാതി ജനസംഖ്യ 9.7 ശതമാനവും പട്ടിക വർഗ്ഗ ജനസംഖ്യ 0.2 ശതമാനവും മാത്രമാണ്.

സാമൂഹ്യാഘാത പഠന സർവ്വെയിൽ പങ്കെടുത്ത 4 ഭൂവുടമകളിൽ, മൂന്ന് ഭൂവുടമകൾ പദ്ധതി ബാധിത പ്രദേശത്ത് താമസിക്കുന്നു. ഭൂവുടമകളുടെ സാമൂഹ്യ പശ്ചാത്തലം പരിശോധിച്ചാൽ, സർവ്വെയിൽ പങ്കെടുത്തവരിൽ 3 കുടുംബങ്ങളും ഹിന്ദു വിഭാഗത്തിൽ ഉൾപ്പെടുന്നു. കൂടാതെ, 3 കുടുംബങ്ങളും പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെടുന്നു.

### 6.2. വരുമാനവും ദാരിദ്ര്യതലവും

ലഭ്യമായ വിവരം അനുസരിച്ച്, സർവ്വെയിൽ പങ്കെടുത്ത 3 കുടുംബങ്ങളും ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്കുള്ള മഞ്ഞ കളർ റേഷൻ കാർഡാണ് കൈവശമുള്ളത്

**6.3. ദുർബലജനവിഭാഗം**

പദ്ധതി ബാധിത ഭൂവുടമകളുടെ കുടുംബാംഗങ്ങളിൽ 60 വയസ്സിന് മുകളിലുള്ളവരും 18 വയസ്സിൽ താഴെയുള്ളവരുരുമുണ്ട്.

**6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും**

നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, 3 ഭുവുടമകൾ സ്ഥലം താമസത്തിനായി ഉപയോഗിക്കുന്നു. ഒരു ഭൂവുടവയുടെ സ്ഥലം മുൻപ് വ്യവസായത്തിനായി ഉപയോഗിച്ചിരുന്നതാണെങ്കിലും നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്നു

**6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ**

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ ഇല്ല.

**6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ**

പദ്ധതിബാധിത കുടുംബങ്ങളിൽ മൂന്നു കുടുംബങ്ങൾ കൂലിപ്പണി ഉപജീവനമാർഗ്ഗമാക്കിയവരാണ്. ഒരു ഭൂവുടമ ബിസ്സിനസ്സ് ചെയ്യുന്നു

**6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

പദ്ധതിബാധിത പ്രദേശത്ത് സാംസ്കാരിക സംഘടനകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില

**6.8 ഭരണ സംഘടനകൾ**

പദ്ധതിപ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

**6.9 രാഷ്ട്രീയ സംഘടനകൾ**

രാഷ്ട്രീയ സംഘടനകകളുടെ വസ്തുവകകളൊന്നും പദ്ധതി ബാധിതമാകുന്നില്ല.

**6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

### 6.11. പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താല്ലൂക്കിലെ ഒരു പ്രധാന ഗ്രാമമാണ് തേവലക്കര. അഷ്ടമുടിക്കായലിൻെറ തീരത്ത് സ്ഥിതി ചെയ്യുന്ന തേവലക്കര തെങ്ങിൻത്തോപ്പുകളാലും നെൽപാടങ്ങളാലും നിറഞ്ഞു നിക്കുന്ന പ്രകൃതി രമണീയമായ ഭൂപ്രദേശമാണ്. കാർഷിക മേഖലക്ക് ഒപ്പം തന്നെ കയർ വ്യവസായത്തിനും പേരുകേട്ട സ്ഥലമായിരുന്നു തേവലക്കര. കഴിഞ്ഞ ഏതാനും ദശകങ്ങൾക്കിടയിൽ ഈ പ്രദേശത്തിനു ഗണ്യമായ മാറ്റങ്ങൾ സംഭവിച്ചതായി കാണാം. പ്രധാനമായും ഗതാഗത രംഗത്തും, ഭവന നിർമ്മാണ രംഗത്തുമാണ് വലിയ മാറ്റങ്ങൾ ഉണ്ടായത്.. വയലുകൾ കാലക്രമേണ കെട്ടിടങ്ങൾക്കും വീടുകൾക്കും വഴി മാറി. കൃഷിയോടുള്ള ആഭിമുഖ്യം കുറയുകയും മത്സ്യബന്ധനം, കയർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം മുതലായ പാരമ്പര്യ തൊഴിലുകൾ ചുരുങ്ങുകയും ചെയ്തു. നിലവിൽ ഭൂരിഭാഗം പ്രദേശവാസികളും കച്ചവടത്തെയും, ഗവണ്മെൻറ് ജോലികളെയും, വിദേശ ജോലികളെയും ഉപജീവനമാക്കിയവരാണ്.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതി പ്രദേശങ്ങളെല്ലാം ജനവാസ മേഖലകളാണ്. പ്രദേശവാസികൾക്ക് അവശ്യ സൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

# അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ 110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൈവശമായ സ്ഥലത്തിൽ കുറവ് വരികയോ, പൂർണ്ണമായി നഷ്ടമാകുകയോ ചെയ്യുന്നു. ഒരു വീട് പൂർണ്ണമായി നഷ്ടമാകുകയും കിണർ ചുറ്റുമതിൽ തുടങ്ങി അവശ്യ നിർമ്മിതികൾ നഷ്ടമാകുകയും ചെയ്യുന്നുണ്ട്.

ഭൂമിയേറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന നഷ്ട പരിഹാരവും പുന:രധിവാസ–പുന:സ്ഥാപന പാക്കേജും നൽകുന്നതിലൂടെ പദ്ധതി ബാധിതർക്കുണ്ടാകുന്ന നഷ്ടങ്ങൾ ലഘൂകരിക്കാനാകും. എന്നിരുന്നാലും കുടിയൊഴിക്കപ്പെടേണ്ടി വരുന്നത് മൂലം ഉണ്ടാകുവാനിടയുള്ള ബുദ്ധിമുട്ടുകൾ കഴിയുന്നത്ര ലഘൂകരിക്കുന്നതിന് പുന:രധിവാസ–പുന:സ്ഥാപന പാക്കേജും നഷ്ടപരിഹാരവും സമയാധിഷ്ടിതമായും ന്യായമായും നൽകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. കൂടാതെ നിർമ്മാണ മാലിന്യങ്ങൾ യഥാസമയം ശാസ്ത്രീയമായി നിർമാർജനം ചെയ്തു കൊണ്ട് പ്രദേശത്തിൻെറ സുസ്ഥിരമായ പരിസ്ഥിതി ഉറപ്പ് വരുത്തേണ്ടതാണ്. പദ്ധതി പ്രദേശങ്ങളുടെ സുഗമമായ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം നടത്തപ്പെടണം എന്നതും ശ്രദ്ധിക്കേണ്ട വസ്തുതയാണ്.

ടി അദ്ധ്യായത്തിൻെറ തുടർന്ന് വരുന്ന ഭാഗത്ത് അതായത് 7.2.ൽ നൽകിയിരിക്കുന്ന ശുപാർശകൾ കൂടി നഷ്ടപരിഹാര നടപടികളിൽ പരിഗണിച്ചുകൊണ്ടും, നിയമാനുസൃതമായ നഷ്ടപരിഹാര നടപടികൾ, പദ്ധതിബാധിതരെ കൃത്യമായി ബോധ്യപ്പെടുത്തിക്കൊണ്ടും നടപ്പിലാക്കുന്നത് പ്രത്യാഘാത ലഘൂകരണത്തിന് ഉചിതമായിരിക്കും.

**7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ**

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, തേവലക്കര 110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ ഉൾപ്പെട്ട തേവലക്കര വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള ഭൂമി നഷ്ടപ്പെടുക/അളവ് കുറയുക, വീട് നഷ്ടപ്പെടുക, കുടിയൊഴിപ്പിക്കപ്പെടുക, ഫല വൃക്ഷങ്ങൾ/മരങ്ങൾ നഷ്ടപ്പെടുക, തുടങ്ങിയ വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിന്റെയും ചട്ടത്തിന്റെയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിന്റെ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരവുമുള്ള നഷ്ട പരിഹാരവും, പുനരധിവാസ-പാക്കേജും പദ്ധതി ബാധിതർക്ക് നൽകുക.
- വീട് നഷ്ടമാകുന്ന കുടുംബത്തിനു അർഹമായ നഷ്ടപരിഹാരം നൽകി പുനരധിവാസ പാക്കേജിനു പരിഗണിക്കണം
- വസ്തുവിനോട് ചേർന്നുള്ള ചുറ്റുമതിൽ, കിണർ, മുതലായ നിർമ്മിതികൾ നഷ്ടമാകുന്ന ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കണം
- ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് സാധ്യമല്ല എന്ന കുടുംബങ്ങളുടെ പരാതിയുടെ നിജസ്ഥിതി പരിശോധിച്ച് സാധ്യമെങ്കിൽ ടി സ്ഥലം കൂടി ഏറ്റെടുക്കലിൽ പരിഗണിക്കുകയോ സാധ്യമായ മറ്റ് നടപടികൾ കൈക്കൊള്ളുകയോ ചെയ്യുക.

- ഭുവുടമകൾക്ക് തെങ്ങ്, പ്ലാവ്, തേക്ക്, മാവ്, കവുങ്ങ് തുടങ്ങിയവ നഷ്ടമാകുന്നു. ഈ വസ്തുതകൾ കണക്കിലെടുത്ത് അർഹമായ നഷ്ടപരിഹാരം നൽകുന്നത് പരിഗണിക്കണം

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ മുൻപേതന്നെ ആസൂത്രണം ചെയ്യണം.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയ മായി യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക.

### 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും നഷ്ട പരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/ RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ – പുനഃസ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരവുമുള്ള നടപടിക്രമങ്ങൾ തേവലക്കര 110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

### 7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

പദ്ധതിരേഖയിൽ പ്രത്യേകമായി ഉൾപ്പെടുത്തുന്ന നടപടികളെകുറിച്ച് അർത്ഥനാധികാരി നിർദ്ദേശിച്ചിട്ടില്ല.

### 7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

പദ്ധതിയുടെ രൂപരേഖയിൽ മാറ്റങ്ങൾ ഒന്നും നിർദ്ദേശിക്കപെട്ടിട്ടില്ല. കുടുംബങ്ങൾക്ക് പ്രത്യാഘാതങ്ങൾ കഴിയുന്നത്ര കുറവ് വരുന്ന വിധത്തിൽ ആണ് രൂപരേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത് എന്ന് പഠനസംഘം വിലയിരുത്തുന്നു.

### 7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെ ടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS)No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശക ലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

## പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃ സ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | വീട് നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്ന്, രണ്ട് പട്ടികകൾ പ്രകാരവും അനുബന്ധമായ കേരള സംസ് ഥാന സർക്കാരിന്റെ പോളിസി കൾ പ്രകാരവുമുള്ള നഷ്ട പരിഹാരം നൽകുക | | പദ്ധതിബാധിതമാകുന്ന വീട്ടിൽ വളരെ വർഷങ്ങളായി താമസിക്കുന്ന കുടുംബത്തിന് മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പുനരധിവാസ-പുനസ്ഥാപന പാക്കേജിന് പരിഗണന |
| 4 | കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARRനിയമം2013 ഒന്നാംപട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാര വുമുള്ള നഷ്ടപരിഹാരം നൽകുക | | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യ നിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 5 | പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം. | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഭൂവുടമകളുടെ വസ്തുവകകളി ലേക്കുള്ള പ്രവേശനം തടസ്സ പ്പെടാതിരിക്കുന്നതിനുള്ള മർഗങ്ങൾ മുൻപേ ആസൂത്രണം ചെയ്യുക. | | പദ്ധതിമൂലം ആരുടെയും സഞ്ചാരസ്വാതന്ത്ര്യവും, വസ്തുവകകളിലേക്കുള്ള പ്രവേശനവും നഷ്ടമാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 6 | തുടർന്നുള്ള ഉപയോഗത്തിന് ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന ഭൂമിയുടെ അപര്യാപ്തത | ഭൂമിയുടെ നിജസ്ഥിതി പരിശോധിച്ച് നിയമത്തിന്റെ പരിധിക്കുള്ളിൽ സാധ്യമായ നടപടികൾ സ്വീകരിക്കുക | | ഭൂവുടമയ്ക്ക് ഉണ്ടായേക്കാനിടയുള്ള പ്രത്യാഘാതങ്ങൾക്ക് മതിയായ പരിഗണന |
| 7 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം |

| | | | | |
|---|---|---|---|---|
| | | വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 8 | നിർമ്മാണ മാലിന്യങ്ങൾനിർമ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായിനിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർജനം ആസൂത്രണം ചെയ്യുക | പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായും നീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |

### 7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.

സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമവും ടി നിയമത്തിൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച 23.09.2015 തീയതിയിൽ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS)No.448/2017/RD പ്രകാരവും, നഷ്ടപരിഹാരവും, പുനരധിവാസ-പാക്കേജും നൽകുന്ന നടപടിയാണ് അർത്ഥനാധികാരി കൈക്കൊള്ളുന്നത്

# അദ്ധ്യായം 8

## സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം

### 8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്തം. സർക്കാരിന്റെയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ 110 കെ.വി സബ് സ്റ്റേഷൻ നിർമ്മാണ പദ്ധതിക്ക് വേണ്ടി തേവലക്കര വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിന്റെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് കൊല്ലം ജില്ലാ കളക്ടർ ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. നം.2 കൊല്ലംആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള

സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി.

ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതിബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ–പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട ലാൻറ് റെവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത കുടുംബത്തിന്റെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരം പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി ഔട്ട്റീച്ച് കളമശ്ശേരി, എറണാകുളത്തെയാണ് തേവലക്കര 110 കെ.വി സബ് സ്റ്റേഷൻ നിർമ്മാണ പദ്ധതിക്ക് വേണ്ടി കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ നിന്നുള്ള ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2025 ഒക്ടോബർ 28 തീയതിയിലെ 3786-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ കൊല്ലം ജില്ലാ കളക്ടറുടെ 2025 ഒക്ടോബർ 27-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCKLM/1736/2025-LA10 പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് കളമശ്ശേരി ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

### 9.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

പദ്ധതി നിർമാണത്തിലൂടെ പദ്ധതി ബാധിത ഭൂവുടമകൾക്ക് സ്ഥലം, വീട്, ചുറ്റുമതിൽ, കിണർ, കെട്ടിടങ്ങൾ മരങ്ങൾ, എന്നിവ നഷ്ടമാവുന്നു.

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, പദ്ധതി ബാധിതർക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ–പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

### 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായുള്ള നഷ്ടപരിഹാരവും പുനരധിവാസ – പുനസ്ഥാപന പാക്കേജും നൽകുന്നതിനുള്ള സാമ്പത്തിക രൂപരേഖ തയ്യാറാക്കുന്ന തിന് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. നം.2 കൊല്ലം ചുമതലപ്പെട്ടിരിക്കുന്നു.

### 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ഉടമകൾക്ക് നഷ്ടമാകുന്ന ഭൂമിക്കും ചമയങ്ങൾക്കും നിയമാനുസൃതമായ നഷ്ടപരിഹാരം നൽകണം

# അദ്ധ്യായം 10
# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും - പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- സമയാധിഷ്ടിതമായ ഭൂമിയേറ്റെടുക്കൽ നടപടികൾ
- കുടുംബങ്ങളുടെ ഉപജീവനവും അടിസ്ഥാന സൗകര്യങ്ങളും തടസപ്പെടാത്ത വിധത്തിൽ സമയാധിഷ്ടിതമായ പുന:സ്ഥാപന നടപടികൾ
- പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ 110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്ന പദ്ധതിക്ക് വേണ്ടി തേവലക്കര വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന കൊല്ലം ജില്ലാ കളക്ടർ, പദ്ധതിയുടെ പുനരധിവാസ-പുനസ്ഥാപന സ്കീമിൻെറ തയ്യാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ. നം.2 കൊല്ലം ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ

തഹസിൽദാർ തയ്യാറാക്കുന്ന പുനഃരധിവാസ-പുനഃസ്ഥാപന സ്കീമിന്റെ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

## 10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

നിർദ്ദിഷ്ട പദ്ധതിക്ക് സ്വതന്ത്ര മൂല്യ നിർണ്ണയം വിഭാവനം ചെയ്തിട്ടില്ല

# അദ്ധ്യായം 11

## നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

### 11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

കേരളം വൈദ്യുതി ക്ഷാമം നേരിടുന്ന ഒരു സംസ്ഥാനമാണ്. സംസ്ഥാനത്ത് വൈദ്യുതി ആവശ്യകത ദിനംപ്രതി വർദ്ധിച്ച് വരികയാണ്. നിലവിലുള്ള ഇൻട്രാ സ്റ്റേറ്റ് ട്രാൻസ്മിഷൻ സിസ്റ്റത്തിൻെറ പരിമിതികൾ ലഘൂകരിക്കുന്നതിനും ഭാവി ആവശ്യതകൾ നിറവേറ്റുന്നതിനുമായി സിസ്റ്റത്തിൻെറ കപ്പാസിറ്റി വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിൻെറ ഭാഗമായി തേവലക്കരയിലും മൈനാഗപ്പള്ളിയിലും ഉൾപ്പെടുന്ന ഇലക്ട്രിക്കൽ സെക്ഷനുകളിലെ ലോ വോൾട്ടേജ് പ്രശ്നങ്ങളും പതിവായുള്ള വൈദ്യുതി മുടക്കങ്ങളും പരിഹരിക്കുന്നതിനായി തേവലക്കരയിൽ 110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

നിലവിലെ സാഹചര്യത്തിൽ 110 കെ.വി സബ്സ്റ്റേഷനായ ചവറയിൽ നിന്നും ശാസ്താംകോട്ടയിൽ നിന്നും തേവലക്കര മൈനാഗപ്പള്ളി ഇലക്ട്രിക്കൽ സെക്ഷൻ പ്രദേശങ്ങളിലേക്ക് പോകുന്ന 11 കെ.വി ഫീഡറുകൾ നീളം കൂടുതലും അവയിലെ ലോഡ് അധികവുമാണ്.. നിർദ്ധിഷ്ട പ്രദേശത്ത് 110 കെ.വി സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുമ്പോൾ 11 കെ.വി ഫീഡറുകളുടെ ലോഡും ലെങ്തും കുറക്കുവാനും, തേവലക്കരയിലും, മൈനാഗപ്പള്ളിയിലും പരിസര പ്രദേശങ്ങളിലുമുള്ള വോൾട്ടേജ് മെച്ചപ്പെടുത്താനും നിരന്തരമുള്ള വൈദ്യുതി മുടക്കം ഗണ്യമായി കുറയ്ക്കാനും സാധിക്കും എന്നതാണ് നിർദ്ധിഷ്ട പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്. കൂടാതെ, വൈദ്യുതി പ്രസരണത്തിൽ ഓവർ ലോഡ് മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കൂടുതലാണ്. ഈ പ്രശ്നങ്ങൾക്ക് കഴിയുന്നത്ര പരിഹാരം കാണുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി ലക്ഷ്യം വക്കുന്നത്.

നിലവിലെ ഡിസൈൻ പ്രകാരം 110കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നത് 4 സ്വകാര്യ വ്യക്തികളുടെ ഭൂമിയിലാണ്. ഈ ഒരു പൊതു ആവശ്യത്തിലേക്കായി ഏറ്റവും കുറവ് സ്ഥലം (36.71 ആർ) മാത്രമാണ് ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നത് എന്നാണ് പഠന സംഘത്തിന് മനസിലാക്കാൻ സാധിച്ചിട്ടുള്ളത്. നിലവിലെ അലൈൻമെൻറ് പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൈവശമായ സ്ഥലത്തിൽ കുറവ് വരുക, വീട് നഷ്ടപ്പെടുക, കുടിയൊഴിപ്പിക്കപ്പെടുക, കിണർ ചുറ്റുമതിൽ തുടങ്ങി അവശ്യ നിർമ്മിതികൾ നഷ്ടമാകുക തുടങ്ങിയ ആഘാതങ്ങൾ ഉണ്ടാവുന്നുണ്ട് എങ്കിലും സർവ്വെയിൽ പങ്കെടുത്ത എല്ലാ പദ്ധതി ബാധിത ഭൂവുടമകൾക്കും പ്രദേശവാസികൾക്കും പദ്ധതിയോട് വളരെ അനുകൂല മനോഭാവമാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്.

## 11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ 110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടി കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ നിന്നും ഏകദേശം 36.71 ആർ ഭൂമി സ്ഥലം ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ, ചെറുതും വലുതുമായ പ്രത്യാഘാതങ്ങൾ ഭൂവുടമകൾക്കുണ്ടാകാമെങ്കിലും പദ്ധതി ജില്ലയിലെ തന്നെ വൈദ്യുതി മാനേജ്മെൻറിൽ വലിയ മാറ്റമുണ്ടാക്കുമെന്നതിനാൽ ഭൂവുടമകൾ ഉൾപ്പടെയുള്ള പ്രദേശവാസികൾക്ക് പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തി നുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS)No.448/2017/RD പ്രകാരവും

നഷ്ടപരിഹാരവും, പുനരധിവാസ-പാക്കേജും പദ്ധതിബാധിതർക്ക് നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. ആയതിനാൽ കുടുംബങ്ങൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം, യഥാസമയം നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് കൊണ്ടും ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

- ഭൂമി നഷ്ടമാകുന്ന ഭൂവുടമകൾക്ക് RFCTLARR Act 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകേണ്ടതാണ്
- വീട് നഷ്ടമാകുന്ന കുടുംബത്തിനു അർഹമായ നഷ്ടപരിഹാരം നൽകി പുനരധിവാസ പാക്കേജിനു പരിഗണിക്കണം
- വസ്തുവിനോട് ചേർന്നുള്ള ചുറ്റുമതിൽ, കിണർ, മുതലായ നിർമ്മിതികൾ നഷ്ടമാകുന്ന ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കണം
- ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് സാധ്യമല്ല എന്ന കുടുംബങ്ങളുടെ പരാതിയുടെ നിജസ്ഥിതി പരിശോധിച്ച് സാധ്യമെങ്കിൽ ടി സ്ഥലം കൂടി ഏറ്റെടുക്കലിൽ പരിഗണിക്കുകയോ സാധ്യമായ മറ്റ് നടപടികൾ കൈക്കൊള്ളുകയോ ചെയ്യുക.
- ഭുവുടമകൾക്ക് തെങ്ങ്, പ്ലാവ്, തേക്ക്, മാവ്, കവുങ്ങ് തുടങ്ങിയവ നഷ്ടമാകുന്നു. ഈ വസ്തുതകൾ കണക്കിലെടുത്ത് അർഹമായ നഷ്ടപരിഹാരം നൽകുന്നത് പരിഗണിക്കണം
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ മുൻപേതന്നെ ആസൂത്രണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയ മായി യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- തേവലക്കര 110 കെ.വി സബ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക.

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിന്റെ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനി ക്കുന്നതിനുള്ള നയം.
5. 2025 ഒക്ടോബർ 28 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 3786 ൽ പ്രസിദ്ധപ്പെടുത്തിയ കൊല്ലം ജില്ലാ കളക്ടറുടെ 2025 ഒക്ടോബർ 27-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCKLM/1736/2025-LA10